(സി) ഫയൽ നിക്കം ഓൺലൈനാകുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് വഴി ഇന്റർനെറ്റിലൂടെ ഫയലിന്റെ തൽസ്ഥിതി വിവരം അറിയുവാൻ സാധിക്കും.

(ഡി) ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ഈ പദ്ധതി നടപ്പാക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ സിഗ്നേച്ചർ, വെർച്വൽ പ്രൈവറ്റ് നെറ്റ് വർക്ക് എന്നിവ അനുവദിച്ചു നൽകുന്നതുകൂടാതെ പദ്ധതിയുടെ നടത്തിപ്പിനായി ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപവത്കരിക്കുകയും എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി അതാതു വകുപ്പിൽ നിന്നു തന്നെയുള്ള ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ആദിവാസി മേഖലയിലെ പുരോഗതി

23 (*503) ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഫിഷറീസും തുറമുഖങ്ങളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ ചെലവിട്ട ഇകയ്യ് ആനുപാതികമായി ജീവിത സാഹചര്യങ്ങളിലുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസി മേഖലയ്ക്ക് അനുവദിക്കപ്പെട്ട സംഖ്യയുടെ ചെലവിടലിന്റെ രോഗമായി വിവിധ ജീവിത സാഹചര്യങ്ങളിലുണ്ടായ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ആദിവാസികൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന ധനം യഥാവിധി ഉപയോഗപ്പെടുന്നുണ്ടെങ്കിൽ, ഇത്തരം സാഹചര്യത്തിൽ ആദിവാസികൾ ഇപ്പോഴും ദുരിതമനുഭവിക്കേണ്ടിവരുമായിരുന്നു എന്ന് കരുതുന്നുണ്ടോ ?

(ഡി) എങ്കിൽ ഏത് തരത്തിലാണ് ഇതിന് വീഴ്ച വരുന്നതെന്ന് അന്വേഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഗ്രന്ഥശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ&ബി) ഉണ്ട്. ആദിവാസി മേഖലയിൽ ജീവിത സാഹചര്യങ്ങളിലുണ്ടായ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

(സി) പട്ടികവർഗ്ഗക്കാരിലെ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രയാസങ്ങൾ നേരിടേണ്ടിവരുന്നു. ഈ പ്രയാസങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വകുപ്പിനു നൽകുന്ന പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളുടെ ഇക അവർക്കെതന്നെ ഉപയോഗപ്രദമാകുന്ന രീതിയിൽ ജില്ലാ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും പട്ടികവർഗ്ഗക്കാരെ മുഖ്യ ധാരയിലെത്തിക്കുന്നതിൽ വകുപ്പ് അതിപ്രധാനമായ സ്ഥാനം വഹിക്കുകയും ചെയ്യുന്നു. വർഷാവർഷങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭൗതിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്താണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഏതെങ്കിലും സാഹചര്യങ്ങളിൽ പട്ടികവർഗ്ഗക്കാർ ദുരിതം അനുഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യത്തിൽ വീഴ്ച സംഭവിക്കുന്നില്ല. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് സ്ഥായിയായ വരുമാനം ഉണ്ടാക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നുണ്ട്.

കോ-ഇൻഷ്വറൻസ് സംവിധാനം

24 (*504) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ കോ-ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളാണ് ഇതുമായി സഹകരിച്ചത് ?

LIBRARY ARCHIVES Kerala Legislative Assembly